23/06/2020
18/3/20.

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

**ഹർജി നമ്പർ AP. 164(2)/2019/എസ്.ഐ.സി**
**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം**
**(ഫയൽ നമ്പർ 1285/എസ്.ഐ.സി-ജി 6/19)**
**സന്നിഹിതൻ**
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ.കെ.ബി.കൃഷ്ണകുമാർ,
ചിലമ്പശ്ശേരിൽ, വടുതല ജെട്ടി പി.ഒ.,
അരുകുറ്റി, ആലപ്പുഴ. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ&
ജൂനിയർ സൂപ്രണ്ട്(സി2-സെക്ഷൻ),
കളക്ടറേറ്റ്, ആലപ്പുഴ.

2. അപ്പീൽ അധികാരി&
ഡെപ്യൂട്ടി കളക്ടർ,
കളക്ടറേറ്റ്, ആലപ്പുഴ. } എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 22.10.2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 29.10.2018 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 14.11.2018 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 03.12.2018 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 24.01.2019 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 28.01.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 26.10.2019 വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, ആലപ്പുഴ. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. കെ.ബി.കൃഷ്ണകുമാർ,

24.01.2019ന് സമർപ്പിച്ച അപ്പീൽ ഹർജി 28.01.2019ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.164(2)/19/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് തൃപ്തികരമായ മറുപടി ലഭിക്കാത്തതിനാൽ ഒന്നാം അപ്പീൽ സമർപ്പിച്ചുവെന്നും ആയതു പ്രകാരം അപ്പീൽ അധികാരി നേരിൽ ഹാജരാകാൻ നിർദ്ദേശിച്ചതു പ്രകാരം ഹാജരായെങ്കിലും നാളിതുവരെ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമായില്ലെന്നും ആകയാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 22.10.2018ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, 2012 ഫെബ്രുവരി മാസത്തിൽ ചേർത്തല താലൂക്കിൽ അരുകുറ്റി വില്ലേജിൽ SCS 1008ന് സമീപം നിലം നികത്തിയതിന് പൂച്ചാക്കൽ പോലീസ് പിടികൂടിയ ജെ.സി.ബി.യിൽ നിന്നും 25000 രൂപ പിഴ ഈടാക്കിയതായി മറുപടി നൽകിയിരുന്നുവെന്നും ആയതുമായി ബന്ധപ്പെട്ട് കൂടുതൽ വിവരങ്ങൾ നൽകണമെന്നു തുടങ്ങി നിരവധി വിവരങ്ങളാണ്. ആയതിന് 29.10.2018ന് നൽകിയ മറുപടിയിൽ ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്നവ പലതും അവ്യക്തമായ ചോദ്യങ്ങളാണെന്നും ടി രേഖകൾ ഏതെല്ലാം ഫയലുകളിൽ ഉൾപ്പെട്ടതാണെന്നുള്ള ഫയൽ നമ്പരും ചേർത്തിട്ടില്ലെന്നും അവ്യക്തമായ ചോദ്യങ്ങൾക്ക് മറുപടി തയ്യാറാക്കുന്നത് ദുഷ്ക്കരവും ഓഫീസിന്റെ ദൈനംദിന പ്രവർത്തനത്തെ ബാധിക്കുമെന്നതിനാലും ഓഫീസിൽ നേരിട്ട് ഹാജരായി രേഖകൾ പരിശോധിച്ച് ആവശ്യമായ പകർപ്പുകൾ നിശ്ചിത ഫീസൊടുക്കി ലഭ്യമാക്കുമെന്നാണ് അറിയിച്ചത്. ടി മറുപടിയിൽ അതൃപ്തി അറിയിച്ച് 14.11.2018ന് സമർപ്പിച്ച ഒന്നാം അപ്പീലിന് 03.12.2018ന് നൽകിയ മറുപടിയിൽ ഹർജിക്കാരൻ സമർപ്പിച്ച അപ്പീലിന്മേൽ ടിയാനെ നേരിൽ കേൾക്കുന്നതിന് 17.12.2018ന് നേരിൽ ഹാജരാകണമെന്നും ഹാജരാകാത്തപക്ഷം ടിയാന് പ്രസ്തുത വിഷയത്തിൽ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ അപ്പീൽ തീർപ്പാക്കുമെന്നാണ് അറിയിച്ചത്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും 24.06.2019ലെ റിപ്പോർട്ടും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് പൂർണ്ണമായ മറുപടി നൽകിയിട്ടില്ലെന്നു കമ്മീഷനു ബോധ്യമാകുന്നു.

ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ അപ്പീൽ അധി കാരിയുടെ നിർദ്ദേശപ്രകാരം ഹിയറിംഗിനു ഹാജരായെന്നു പറയുന്നത് കളവാ ണെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങളിൽ പലതും അവ്യക്തവും ഹൈക്കോ ടതിയിലെ വിവിധ കേസുകളെ സംബന്ധിച്ച് മൂന്നാം കക്ഷി നൽകിയ വിവരങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങളാണെന്നും അവ തയ്യാറാക്കി നൽകുന്നത് ഓഫീ സിന്റെ ദൈനംദിന പ്രവർത്തനത്തെ ബാധിക്കുമെന്നതിനാലാണ് ഓഫീസിൽ ഹാജരായി പരിശോധിക്കാൻ ആവശ്യപ്പെട്ടതെന്നുമാണ്. എന്നാൽ ഹർജിക്കാരന് കുറച്ചുകൂടി വ്യക്തത വരുത്തിയുള്ള മറുപടി നൽകണമെന്നും ടിയാൻ കൂടു തലും ആവശ്യപ്പെട്ടിരിക്കുന്നത് മൂന്നാം കക്ഷി വിവരമാണെന്നും ഫയൽ പരി ശോധിക്കാൻ ഇന്നുമുതൽ 7 ദിവസത്തിനകം ഒരിക്കൽ കൂടി അവസരം നൽകണ മെന്നും കമ്മീഷൻ ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകുന്നു. കൂടാതെ ടി നിർദ്ദേശങ്ങൾ നടപ്പിലാക്കിയതായുള്ള റിപ്പോർട്ട് ഒരാഴ്ചയ്ക്കകം കമ്മീഷനിൽ സമർപ്പിക്കണമെന്നും ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകുന്നു.

5. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 മാർച്ച് 18-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION · KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

Ge/